പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1101

12/06/2014-ൽ മറുപടിയ്ക്ക്

## ഗവൺമെന്റ് കോളേജ് ഹോസ്റ്റൽ ജീവനക്കാരുടെ നിയമനം

**ചോദ്യം**

ശ്രീ. എ.പ്രദീപ് കുമാർ :

**മറുപടി**

ശ്രീ.പി.കെ.അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ആറ്റിങ്ങൽ, കോട്ടയം, ചാലക്കുടി, കോഴിക്കോട്, മാനന്തവാടി എന്നീ ഗവൺമെന്റ് കോളേജുകളിൽ പുതുതായി നിർമ്മിച്ച ഹോസ്റ്റലുകളിൽ ജീവനക്കാരെ നിയമിച്ചിട്ടില്ലാത്തതിനാൽ തുറന്നു പ്രവർത്തിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | കോട്ടയം, മാനന്തവാടി, ചാലക്കുടി എന്നിവിടങ്ങളിലെ ഗവൺമെന്റ് കോളേജ് ഹോസ്റ്റലുകൾ തുറന്നു പ്രവർത്തിക്കുന്നുണ്ട്. മറ്റു ഹോസ്റ്റലുകൾ തുറന്നു പ്രവർത്തിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആറ്റിങ്ങൽ ഗവൺമെന്റ് കോളേജ് ഹോസ്റ്റലിൽ (വിമൺ), കോഴിക്കോട് (വിമൺ) തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു. നിലവിൽ ചാലക്കുടി ഗവൺമെന്റ് വനിതാ ഹോസ്റ്റലിൽ ആവശ്യമുള്ള ജീവനക്കാരെ ഗുണഭോക്താക്കളിൽ നിന്നും ഫീസ് ഈടാക്കി മെസ്സ് കമ്മിറ്റിയ്ക്കു തന്നെ നിയമിക്കാവുന്നതാണെന്ന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പുതിയ ഹോസ്റ്റലുകളിലേയ്ക്ക് വേണ്ട ജീവനക്കാരുടെ തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ ; | (ബി) | കോട്ടയം, മാനന്തവാടി ഗവൺമെന്റ് കോളേജ് ഹോസ്റ്റലുകളിൽ കുക്ക്, സാനിട്ടേഷൻ വർക്കർ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. പുതുതായി ആരംഭിച്ച കോഴിക്കോട് (വിമൺ), മാനന്തവാടി (മെൻസ്), കട്ടപ്പന (മെൻസ്), തൃശ്ശൂർ (വിമൺ), ആറ്റിങ്ങൽ (വിമൺ), മണിമലക്കുന്ന് (വിമൺ) എന്നിവിടങ്ങളിലെ ഹോസ്റ്റലുകളിൽ അത്യാവശ്യം തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ സർക്കാർ പരിശോധിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (സി) | ഗവൺമെന്റ് കോളേജുകളിലെ സ്റ്റാഫ് മുറികളിൽ സി.സി.ടി.വി ക്യാമറകൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; ഇത്തരമൊരു നിർദ്ദേശം കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയിട്ടുണ്ടോ എന്നറിയിക്കുമോ ? | (സി) | ഗവൺമെന്റ് കോളേജുകളിലെ സ്റ്റാഫ് റൂമുകളിൽ സി.സി.റ്റി.വി ക്യാമറകൾ സ്ഥാപിക്കുന്നതിന് സർക്കാർ, കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടില്ല. |

✓

സെക്ഷൻ ഓഫീസർ